ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് നമ്മുടെ സമയം കുറെ നഷ്ടപ്പെട്ടതു കൊണ്ട് സഹകാര്യ ബില്ലുകളും ഇന്ന് പരിഗണനയ്ക്കെടുക്കുന്നില്ല. അനൗദ്യോഗിക പ്രമേയങ്ങളുടെ കാര്യം ചർച്ച ചെയ്യാം.

(ബഹളം)

(ഈ സമയം പ്രതിപക്ഷ അംഗങ്ങൾ സ്പീക്കറുടെ ഡയസിനു മുന്നിൽ നിന്നുകൊണ്ട് മുദ്രാവാക്യം വിളിതുടർന്നുകൊണ്ടിരുന്നു).

2. പ്രമേയങ്ങൾ

1. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുൻഗണന

(7-11-1986-ൽ ശ്രീ. കെ. രാഘവൻ മാസ്റ്റർ അവതരിപ്പിച്ച പ്രമേയത്തിന്മേൽ ചർച്ച—തുടർച്ച)

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയമാണ് 7-11-1986-ൽ അവതരിപ്പിച്ചത്.

"നമ്മുടെ സംസ്ഥാനത്തെ പുതിയ ആശുപത്രി കെട്ടിടങ്ങൾ, കുഴൽ കിണറുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, സൊസൈറ്റി എംപ്ലോയ്മെന്റ് പദ്ധതിയുടെ പരിധിയിൽപ്പെടുന്ന വൈദ്യുതി ആവശ്യമായിവരുന്ന സ്കീമുകൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പ്രമേയം അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള ഏറ്റവും ആവശ്യമായിട്ടുള്ള ആശുപത്രികൾക്കും അതുപോലെതന്നെ ഈ രാജ്യത്തിലുള്ള പാവപ്പെട്ട ആളുകൾക്ക് കുടിക്കാൻ കുടിനീർ കൊടുക്കുന്നതിനുവേണ്ടിയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടിയും അതുപോലെതന്നെ ഈ രാജ്യത്തുള്ള ഹരിജൻ ഗിരിജൻ കോളനികൾക്ക് വെള്ളം എത്തിച്ചുകൊടുക്കുന്നതിനുള്ള പദ്ധതികൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ഈ പ്രമേയം അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ബഹളം)

ശ്രീ. എം. എം. ഹസ്സൻ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

(ഭേദഗതികൾ ആരും അവതരിപ്പിച്ചില്ല.)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : പ്രമേയത്തിനാവശ്യമായ ഓർഡറുകളെല്ലാം ഗവൺമെന്റ് ഇറക്കിക്കഴിഞ്ഞു. അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുക്കുന്നതാണ്. അതുകൊണ്ട് ഈ പ്രമേയം ഗവൺമെന്റ് സ്വീകരിക്കുന്നു.

(ബഹളം)

ശ്രീ. കെ. രാഘവൻമാസ്റ്റർ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ശങ്കരനാരായണപിള്ള നോട്ടീസ് നൽകിയ പ്രമേയം അവതരിപ്പിക്കാത്തതുകൊണ്ട് പ്രമേയം ലാപ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly